പതിന്നാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 2782 12/03/2018 ൽ മറുപടിക്ക്

# കമ്പ്യൂട്ടർവത്ക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) റവന്യൂ വകുപ്പിന്റെ കമ്പ്യൂട്ടർവത്കരണത്തിന് 2017-18 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുകയുടെ എത്ര ശതമാനം ഇതുവരെ ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട് ; | (എ) 14.43%<br>ബാക്കി തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു. |
| (ബി) പ്രസ്തുത പദ്ധതിയുടെ പരാജയത്തിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ ; | (ബി) പദ്ധതി പരാജയമല്ല , വിജയകരമായി പുരോഗമിച്ചു വരികയാണ്. റവന്യൂ വകുപ്പിലെ കമ്പ്യൂട്ടർവത്കരണത്തിൽ പ്രഥമ പരിഗണന നൽകിയിട്ടുള്ളത് ഭൂരേഖാ കമ്പ്യൂട്ടർവത്കരണത്തിനാണ്. ആയത് ഘട്ടംഘട്ടമായിട്ടാണ് നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ റീസർവ്വേ പൂർത്തിയായതും അല്ലാത്തതുമായ എല്ലാ വില്ലേജുകളിലേയും ഭൂവിവരങ്ങൾ ഘട്ടം ഘട്ടമായി ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ വളരെ വേഗം പുരോഗമിച്ചു വരുന്നു. റീസർവ്വേ പൂർത്തിയായ വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകൾ ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ സേവനങ്ങളായ ഇ-പോക്കുവരവും തുടർന്നുള്ള ഭൂനികുതി ശേഖരണവും നടപ്പിലാക്കുന്നതാണ് പദ്ധതിയുടെ ആദ്യഘട്ടം. അനുക്രമമായി തണ്ടപ്പേർ വിവരങ്ങളും ഡിജിറ്റൈസ് ചെയ്ത് ഭൂരേഖാ സംവിധാനവുമായി യോജിപ്പിക്കുന്നു. |

സെക്ഷൻ ഓഫീസർ